# ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ. മാർക്കോസ് ജൂനിയറിന്റെ ഔദ്യോഗിക ഇന്ത്യാ സന്ദർശനം (ആഗസ്റ്റ് 04-08, 2025)

ജൂലൈ 31, 2025

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം ഫിലിപ്പീൻസ് പ്രസിഡന്റ് ശ്രീ. ഫെർഡിനാൻഡ് ആർ. മാർക്കോസ് ജൂനിയർ, 2025 ഓഗസ്റ്റ് 04 മുതൽ 08 വരെ ഇന്ത്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും. പ്രഥമ വനിത മാഡം ലൂയിസ് അരനെറ്റ മാർക്കോസും ബിസിനസ് പ്രതിനിധികൾ, നിരവധി കാബിനറ്റ് മന്ത്രിമാർ, മറ്റ് വിശിഷ്ട വ്യക്തികൾ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെയുള്ള ഉന്നതതല പ്രതിനിധി സംഘവും അദ്ദേഹത്തെ അനുഗമിക്കും. 2025 ആഗസ്റ്റ് 08 ന് ഫിലിപ്പീൻസിലേക്ക് മടങ്ങുന്നതിന് മുമ്പ് പ്രസിഡന്റ് മാർക്കോസ് ബംഗളൂരുവും സന്ദർശിക്കും.

2. ഫിലിപ്പീൻസ് പ്രസിഡന്റായി അധികാരമേറ്റതിന് ശേഷം പ്രസിഡന്റ് മാർക്കോസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. സന്ദർശന വേളയിൽ, പ്രധാനമന്ത്രിയും പ്രസിഡന്റ് മാർക്കോസും 2025 ആഗസ്റ്റ് 05 ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. പ്രസിഡന്റ് മാർക്കോസ് ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി. ദ്രൗപതി മുർമുവുമായും കൂടിക്കാഴ്ച നടത്തും. ഈ സന്ദർശന വേളയിൽ വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കറും പ്രസിഡന്റ് മാർക്കോസിനെ സന്ദർശിക്കും.

3. ഇന്ത്യയും ഫിലിപ്പീൻസും തമ്മിലുള്ള നയതന്ത്ര ബന്ധം 1949 നവംബറിലാണ് സ്ഥാപിതമായത്. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, സമുദ്ര സഹകരണം, കൃഷി, ആരോഗ്യസംരക്ഷണം, ഫാർമസ്യൂട്ടിക്കൽസ്, ഡിജിറ്റൽ ടെക്നോളജി എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഇരു രാജ്യങ്ങളും ശക്തമായ പങ്കാളിത്തം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആസിയാനുമായുള്ള ഇന്ത്യയുടെ സമഗ്ര തന്ത്രപരമായ പങ്കാളിത്തം ഉൾപ്പെടെ പ്രാദേശിക തലത്തിലും ഇരു രാജ്യങ്ങളും അടുത്ത് ഇടപഴകുന്നു.

4. ഫിലിപ്പീൻസുമായുള്ള ഇന്ത്യയുടെ ബന്ധം നമ്മുടെ 'ആക്ട് ഈസ്റ്റ്' നയം, വിഷൻ മഹാസാഗർ, ഇൻഡോ-പസഫിക് കാഴ്ചപ്പാട് എന്നിവയുടെ അവിഭാജ്യ ഘടകമാണ്. ഇന്ത്യ-ഫിലിപ്പീൻസ് നയതന്ത്ര

ബന്ധങ്ങളുടെ 75-ാം വാർഷികത്തോട് അനുബന്ധിച്ചാണ് പ്രസിഡന്റ് മാർക്കോസിന്റെ വരാനിരിക്കുന്ന ഔദ്യോഗിക സന്ദർശനം. ഭാവി ഉഭയകക്ഷി സഹകരണത്തിനുള്ള പാത സജ്ജീകരിക്കാനും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ ഇടപഴകാനും ഇരു നേതാക്കൾക്കും സന്ദർശനം അവസരമൊരുക്കും.

**ന്യൂഡൽഹി**

**ജൂലൈ 31, 2025**